Rama Varmha Tampuran.—Department for the Uplift of the Depressed Classes.

Mr. K. T. Mathew.—That is the official designation. Did the Government change the official designation in publishing the report of the Department?

Rama Varmha Tampuran.—We noticed that in the Administration Report he has put in 'Labour Department'. We did not think it worthwhile to go and alter that slight mistake. After all it is not a grave mistake either.

Mr. K. Ayyappan.—Is there any Labour Department here in Cochin?

Rama Varmha Tampuran.—There is not. He styled it the Uplift and the Labour Department, and in popular langauge this name, the Labour Department, is used in British Districts. We did not think it worthwhile to change this. After all it is a slight mistake.

Mr. Joseph Pettah.—But in British Districts is not the work more comprehensive?

Rama Varmha Tampuran.—Might be.

Mr. K. T. Mathew.—Will the Government be pleased to publish hereafter the official designation only?

Rama Varmha Tampuran.—Yes.

Labour Department.

459. മിസ്റ്റർ കെ. പി. വള്ളോൻ.—കൊച്ചിയിലെ അധഃകൃതസംരക്ഷണ ഡിപ്പാർട്ട്മെണ്ട് ലേബർ ഡിപ്പാർട്ട്മെണ്ടായി പരിണമിച്ചതു് എന്നുമുതൽ; ഇതിനുള്ള കാരണമെന്തു്?

രാമവർമ്മതമ്പുരാൻ.—ർവ്വെ. റിപ്പോർട്ടിന്റെ മറുപടി നോക്കുക.

മിസ്റ്റർ കെ. പി. വള്ളോൻ.—ലേബർ ഡിപ്പാർട്ട്മെണ്ടു് എന്നുള്ളതു തവമ്മെണ്ടു് സ്വീകരിച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—സ്വീകരിച്ചിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—തവമ്മെണ്ടിൽ നിന്നും ഏഴുത്തുകുത്തുകൾ വല്ലതുംചെയ്തിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഡിപ്രസ്ഡ് ക്ലാസസ്സ് എന്ന ടൈറ്റിലിൽ ലേബർ ഡിപ്പാർട്ട്മെണ്ടു ചേർത്തിരിക്കുന്നു. ടൈറ്റിൽ ചേർത്തിട്ടുണ്ടെങ്കിലും വക്കു് അതു മാത്രമേയുള്ളു.

ഡാക്ടർ എ. ആർ. മേനോൻ.—രമ്പളം കൂട്ടിയോ?

രാമവർമ്മതമ്പുരാൻ.—കൂട്ടിയിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഡിപ്പാർട്ട്മെണ്ടിന്റെ പേർ കന്നു മാറ്റിയിടുമ്പോൾ ചോദിച്ചറിയാറില്ലേ?

രാമവർമ്മതമ്പുരാൻ.—അതു് സാരമുള്ള മിസ്റ്റേക്കാണെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—മിസ്റ്റേക്കാണെന്നുള്ളതു് തവമ്മെണ്ടിനു ബോദ്ധ്യമുണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

രാമവർമ്മതമ്പുരാൻ.—മിസ്സേക്കാണെന്നു പറയാൻ പാടില്ല. അപ്പ്ളിഫ്റ്റു് ആഫ് ദി ഡിപ്രസ്സ്ഡ് ക്ലാസസ്സു എന്നു മതിയായിരുന്നു. ഇങ്ങിനെ ഒരു ടൈറ്റിൽ കൊടുത്തിട്ടുള്ളതിനു ഗംഭീരമായ ആകർഷൻ എടുക്കേണ്ട ആവശ്യമില്ല.

മിസ്റ്റർ പി. രാമൻമേനോൻ.—ലേബർ ഡിപ്പാർട്ട്മെണ്ടു എന്നു പറഞ്ഞാൽ വേറെ ഒന്നാണെന്നു അർത്ഥം വരുന്നില്ലെ? രണ്ടും ഒന്നാണോ?

രാമവർമ്മതമ്പുരാൻ.—രണ്ടും ഒന്നല്ല. ബ്രിട്ടീഷിലും ലേബർ ഡിപ്പാർട്ട്മെണ്ടു് എന്നാണു പേരു കൊടുത്തിട്ടുള്ളതു്. അതിലും തെറ്റില്ല.

മിസ്റ്റർ കെ. അയ്യപ്പൻ.— ഈ ലേബർ ഡിപ്പാർട്ട്മെണ്ടു് എന്ന പേരു ആരുടെ എഴുത്തുകുത്തിൽ നിന്നു വന്നു; ഗവ മ്മെണ്ടിൽ നിന്നോ പ്രൊട്ടക്ടറിൽ നിന്നോ?

രാമവർമ്മതമ്പുരാൻ.—പ്രൊട്ടക്ടരുടെ എഴുത്തുകുത്തിൽ നിന്നു്.

Dr. A. R. Menon.—You have a great fancy for copying names.

Rama Varmha Tampuran.—Everybody has, that is human nature.

Vadakkancheri High School.

460. **Mr. P. Kumaran Ezhuthassan.**—Will the Government be pleased to state:—

(a) what the strength of the Vadakkancheri High School is after re-opening in Edavam 1108;

(b) what sort of latrine arrangements exist in the School;

(c) are they satisfactory;

(d) what is the distance of the existing latrines from the hostel?

Mr. K. Narasimha Pai.—(a) 526.

(b) There are 3 latrines—more or less permanent ones—two for boys and one for girls.

(c) More or less satifactory.

(d) More than 50 feet.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—വടക്കാഞ്ചേരി ഹോസ്റ്റലിൽ ലെട്രീൻസ്സു് അൻപതടി ദൂരെയാണെന്നു് മറുപടി പറഞ്ഞിട്ടുണ്ടു്. അടുക്കളയുടെ അടുത്താണെന്നു ഗവ്മ്മെണ്ടിനറിയാമോ?

Mr. K. Narasimha Pai.—No information.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഇപ്പോൾ അടുക്കളയുടെ അടുത്തു ലെട്രീൻ വച്ചിരിക്കുന്നതു കൊണ്ടു ഒട്ടും സങ്കടമില്ലെന്നാണോ ഗവ മ്മെണ്ടിന്റെ അഭിപ്രായം?

മിസ്റ്റർ കെ. നരസിംഹപൈ.—അതിനൊരു കാരണം പറയുവാനുണ്ടു്. ഹോസ്റ്റലിനു് അടുത്തു നിന്നു 50 അടി ദൂരെ ലെട്രീൻ ഇരിക്കുന്നതുകൊണ്ടു യാതൊരു തരക്കേടുമില്ല. If the latrine

LIBRARY ARCHIVES Kerala Legislative Assembly